പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2826

21.06.2012 - ൽ മറുപടിക്ക്

## തലശ്ശേരി-മാഹി ബൈപ്പാസ്

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.കോടിയേരി ബാലകൃഷ്ണൻ** | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പമന്ത്രി)** |
| (എ) തലശ്ശേരി-മാഹി ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ് ; | (എ) തലശ്ശേരി-മാഹി ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ ചുമതല ദേശീയപാത അതോറിറ്റിക്കാണ്. 17.70 കി.മീ. ദൈർഘ്യമുള്ള തലശ്ശേരി-മാഹി ബൈപ്പാസ് കണ്ണൂർ - വെങ്കളം പാക്കേജിലാണ്. പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണം സംബന്ധിച്ച് എഗ്രിമെന്റ് വച്ചിട്ടുണ്ട്. ബാധ്യതകൾ ഇല്ലാത്ത സ്ഥലം മൊത്തത്തിൽ കരാറുകാരന് നൽകാൻ കഴിഞ്ഞിട്ടില്ല.<br><br>മേൽപ്പറഞ്ഞ ബൈപ്പാസിന്റെ മുഴപ്പിലങ്ങാടി (കി.മീ.170.30 – കി.മീ.180.20) 9.70 കി.മീ. സ്ഥല മെടുപ്പ് 16 കൊല്ലം മുമ്പ് സംസ്ഥാന സർക്കാർ പൂർത്തിയാക്കിയിട്ടുണ്ട്. കോടിയേരി വില്ലേജിൽ എൻ.എച്ച്. ആക്ട് 3 ഡി നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. ജില്ലാ തല പർച്ചേസ് കമ്മിറ്റി സ്ഥലത്തിന്റെ വില നിശ്ചയിച്ച് നൽകാനുണ്ട്. |

| | | | |
|---|---|---|---|
| | | | മാഹി വില്ലേജിൽ വരുന്ന 1.65 കി.മീ. ഭാഗത്തെ സെക്ഷൻ 3 ഡി എൻ.എച്ച്. ആക്ട് പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. അഴിയൂർ വില്ലേജിൽ സെക്ഷൻ 3 എ എൻ.എച്ച്. ആക്ട് പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചുവെങ്കിലും സ്ഥലമെടുപ്പ് തടസ്സപ്പെട്ടിരിക്കുകയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | (ബി) | മേൽപ്പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്ന മുറയ്ക്ക് മാത്രമേ ബൈപ്പാസിന്റെ നിർമ്മാണം പൂർത്തീകരിക്കുന്ന തീയതി നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ